LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

305 (3817) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര ഷെഡ്യൂളുകൾ വീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോകളിലെ ബസുകളുടെ കാലപ്പഴക്കവും സ്പെയർ പാർട്സുകളുടെ അപര്യാപ്തതയും കാരണം ദിനംപ്രതി നിരവധി സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. എസ്. ആർ. ടി. സി.-യെ മാത്രം ആശ്രയിക്കുന്ന മേഖലയിൽ ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഷെഡ്യൂളും വെട്ടിക്കുറച്ചില്ല. എന്നാൽ ബസിന്റെ കുറവുമൂലം ചില സർവ്വീസുകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി) ആറ്റിങ്ങൽ, കിളിമാനൂർ പ്രദേശത്തെ ദേശസാൽകൃത മേഖലകളിൽ ആവശ്യത്തിന് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ ബസിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ബംഗളൂരുവിലെ ഓഫീസ്

306 (3818) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബംഗളൂരുവിൽ ഓഫീസ് പണിയാൻ കെ.എസ്.ആർ.ടി.സി ക്ക് എത്ര രൂപ ചെലവായെന്നും അതിന്റെ ആവശ്യകതയും അതിനായി ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?